# അല്ലാഹുവിന്റെ ഔന്നത്യം

ഗ്രന്ഥകർത്താവ്: ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ ( رَحِمَهُ ٱللَّهُ )
ഗ്രന്ഥം: فتح رب البرية بتلخيص الحموية
വിവർത്തനം: ഹംസ ജമാലി

അല്ലാഹുവിന്റെ ഔന്നത്യമെന്ന വിശേഷണം അവന്റെ ദാതിയായ (അസ്തിത്വപരമായ) വിശേഷണങ്ങളിൽപെട്ടതാണ്. അത് രണ്ട് വിധമാകുന്നു:

1. علو ذات – **അസ്തിത്വത്തിലുള്ള ഔന്നത്യം.**

2. علو صفات – **വിശേഷണങ്ങളിലുള്ള ഔന്നത്യം**

അല്ലാഹുവിന്റെ വിശേഷണങ്ങളിലുള്ള ഔന്നത്യം (علو صفات) കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്, മഹത്വത്തിലോ സർവാധിപത്യത്തിലോ അതല്ലെങ്കിൽ ഭംഗിയിലോ പദവിയിലോ ഏതിലാണെങ്കിലും അല്ലാഹു സഗുണ സമ്പൂർണനാണ് എന്നതാണ്.

അല്ലാഹുവിന്റെ ദാതിലുള്ള ഔന്നത്യം (علو ذات) കൊണ്ടുള്ള ഉദ്ദേശ്യം: അല്ലാഹുവിന്റെ അസ്തിത്വം എല്ലാ സൃഷ്ടികളേക്കാളും മീതെയാണ് എന്നതാകുന്നു. ഖുർആനും സുന്നത്തും ഇജ്മാഉം ബുദ്ധിയും പ്രകൃതിയും അത് സമ്മതിക്കുന്നു. ഖുർആനിലും സുന്നത്തിലും അതുവ്യക്തമാക്കുന്ന ധാരാളം തെളിവുകൾ കാണാം. ഖുർആൻ അല്ലാഹുവിനെക്കുറിച്ച് ഒരിടത്ത് അല്ലാഹുവിന്റെ ഔന്നത്യമാണ് പറയുന്നതെങ്കിൽ മറ്റൊരിടത്ത് മുകളിലാണെന്നും വേറെയൊരിടത്ത് സിംഹാസനത്തിൽ ആരോഹിതനാകുന്നതിനെക്കുറിച്ചുമാണ് പ്രസ്താവിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നത് നോക്കുക:

وَهُوَ ٱلْعَلِىُّ ٱلْعَظِيمُ

അവൻ (അല്ലാഹു) ഉന്നതനും മഹാനുമാകുന്നു (അൽബഖറ:255)

سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى

അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക (അൽഅഅ്ലാ:1)

يَخَافُونَ رَبَّهُم مِّن فَوْقِهِمْ

അവർക്കുമീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുന്നു. (അന്നഹ്ൽ:50)

ٱلرَّحۡمَـٰنُ عَلَى ٱلۡعَرۡشِ ٱسۡتَوَىٰ

പരമകാരുണികൻ സിംഹാസനാരോഹിതകനാകുന്നു. (ത്വാഹാ:5)

ءَأَمِنتُم مَّن فِي ٱلسَّمَآءِ أَن يَخۡسِفَ بِكُمُ ٱلۡأَرۡضَ

ആകാശാത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? (അൽമുൽക്:16)

നബി(ﷺ) പറയുകയുണ്ടായി:

والعرش فوق ذلك، والله فوق العرش

അർശ് അതിന് (ആകാശത്തിന്) മീതെയാകുന്നു. (അഹ്മദ്: 6564)

ألا تأمنوني وأنا أمين من في السماء

നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലേയോ ഞാൻ ആകാശത്തിലുള്ളവന്റെ വിശ്വസ്തനാകുന്നു. (ബുഖാരി: 4004)

അതേപ്രകാരം മറ്റു ചില സ്ഥലങ്ങളിൽ പലതും അല്ലാഹുവിലേക്ക് കയറുകയും ഉയരുകയും ചെയ്യുന്നതായാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. താഴെ വരുന്ന വചനങ്ങൾ അവ വ്യക്തമാക്കുന്നു:

إِلَيۡهِ يَصۡعَدُ ٱلۡكَلِمُ ٱلطَّيِّبُ

അവങ്കലേക്കാണ് (അല്ലാഹുവിലേക്ക്) ഉത്തമ വചനങ്ങൾ കയറിപ്പോകുന്നതാണ്. (ഫാത്വിർ: 10)

تَعۡرُجُ ٱلۡمَلَـٰٓئِكَةُ وَٱلرُّوحُ إِلَيۡهِ

മലക്കുകളും ആത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു. (അൽമആരിജ്:4)

بَل رَّفَعَهُ ٱللَّهُ إِلَيۡهِ

എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത് (അന്നിസാഅ്:158)

നബി(ﷺ) പറയുകയുണ്ടായി:

لا يصعد إلى الله إلا الطيب

നല്ലതല്ലാതെ അല്ലാഹുവിലേക്ക് കയറിപ്പോകുകയില്ല (ബുഖാരി: 6878)

فيعرج الذين باتوا فيكم إلى ربهم

പിന്നീട് രാത്രിയിൽ നിങ്ങളോടൊപ്പം കഴിച്ചുകൂട്ടിയവർ (അല്ലാഹുവിലേക്ക്) കയറിപ്പോകുന്നു. (ബു: 522, മു:1001)

يُرفع إليه عملُ الليل قبل عمل النهار، وعملُ النهار قبل عمل الليل

പകലിലെ കർമങ്ങളുടെ മുമ്പായി രാത്രിയിലെ കർമങ്ങൾ അവങ്കലേക്ക് ഉയർത്തപ്പെടുന്നു. അപ്രകാരം രാത്രിയിലെ കർമങ്ങളുടെ മുമ്പായി പകലിലെ കർമങ്ങളും. (മുസ്‌ലിം: 263)

അതേപ്രകാരം മറ്റു ചില സ്ഥലങ്ങളിൽ പലതും അല്ലാഹുവിങ്കൽ നിന്ന് ഇറങ്ങുന്നതായും ഖുർആൻ പരിചയപ്പെടുത്തുന്നു. അല്ലാഹു പറയുന്നു:

تَنزِيلٌ مِّن رَّبِّ ٱلْعَـٰلَمِينَ

ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് ഇറക്കപ്പെട്ടതാകുന്നു. (അൽഹാഖ്ഖ:43)

قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ مِن رَّبِّكَ

പറയുക: നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത് ഇറക്കിയിരിക്കുന്നു. (അന്നഹ്ൽ:102)

ينزل ربنا إلى السماء الدنيا حين يبقى ثلث الليل الآخر

രാത്രിയുടെ മൂന്നിലൊരുഭാഗം ബാക്കി നില്ക്കുന്ന സമയത്ത് അനുഗ്രഹീതപൂർണനും ഉന്നതനുമായ നമ്മുടെ രക്ഷിതാവ് ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുന്നതാണ്. (ബു 1077, മുസ്‌ലിം: 1261)

അല്ലാഹു എല്ലാ സൃഷ്ടികളേക്കാളും മീതെയാണെന്ന് ഇങ്ങനെ ധാരാളം ആയത്തുകളും നബി(ﷺ)യുടെ തിരുവചനങ്ങളും വ്യക്തമാക്കിയിരിക്കെ അതിൽ നിർബന്ധമായും നാം വിശ്വസിക്കേണ്ടതാകുന്നു.

അല്ലാഹു ആകാശങ്ങൾക്കു മുകളിൽ സിംഹാസനത്തിനു മീതെയാണെന്നതിൽ പ്രവാചകാനുചരന്മാരും ന്മയിൽ അവരെ പിന്തുടർന്നവരും (താബിഉകൾ) അഹ്ലുസ്സുന്നത്തിന്റെ ഇമാമുകളും ഏകോപിച്ചിരിക്കുന്നു. അവരുടെ വാക്കുകൾ ഖണ്ഡിതമായ ഇത്തരം പരാമർശങ്ങൾകൊണ്ട് ധന്യമാണ്.

ഇമാം ഔസാഈ (رحمه الله) പറയുകയുണ്ടായി:

كنا - والتابعون متوافرون - نقول: إن الله تعالى ذكرُه فوق عرشه، ونؤمن بما جاءت به السنة من الصفات

“ധാരാളം താബിഉകളുണ്ടായിരിക്കെ ഞങ്ങൾ പറയുമായിരുന്നു അല്ലാഹു അവനെക്കുറിച്ച് അവൻ അർശിനു (സിംഹാസനത്തിനു) മുകളിലാണെന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ച് സുന്നത്തിൽ വന്നിട്ടുള്ള എല്ലാം നാം വിശ്വസിക്കുന്നു.” ഇമാം ഔസാഈ (رحمه الله) ഇത് പറഞ്ഞത് അല്ലാഹുവിന്റെ വിശേഷണങ്ങളെയും ഔന്നത്യത്തെയും നിഷേധിക്കുന്ന ജഹ്മിന്റെ വാദം രംഗപ്രവേശനം ചെയ്തതിന് ശേഷമായിരുന്നു. ഇപ്രകാരം

ഞങ്ങൾ പറഞ്ഞിരുന്നത് എന്തുകൊണ്ടെന്നാൽ മുൻഗാമികൾ ജഹ്മിയാക്കളുടെ ഈ വാദത്തിന് എതിരാണെന്ന് ജനങ്ങൾ അറിയേണ്ടതിനായിരുന്നു.

അല്ലാഹു ആകാശത്തിലില്ല എന്നോ അവന്റെ അസ്തിത്വം കൊണ്ട് എല്ലാ സ്ഥലത്തും അവനുണ്ട് എന്നോ എല്ലാ സ്ഥലവും അവനെ സംബന്ധിച്ചിടത്തോളം ഒരുപോലെയാണെന്നോ അവൻ ഈ ലോകത്തിന്റെ ഉള്ളിലോ പുറത്തോ ആണെന്നോ ഏതെങ്കിലുമൊരു വസ്തുവിനോട് ചേർന്നിരിക്കുന്നുവെന്നോ വിട്ടുനിൽക്കുന്നുവെന്നോ അവനിലേക്ക് ആംഗ്യം കാണിക്കരുത് എന്നോ മുൻഗാമികളിൽ നിന്ന് ഒരാളും തന്നെ പറഞ്ഞിട്ടില്ല. പ്രത്യുത സൃഷ്ടികളിൽ അല്ലാഹുവിനെക്കുറിച്ച് ഏറ്റവും കൂടുതൽ അറിയുന്ന പ്രവാചകൻ അവിടുത്തെ വിടവാങ്ങൽ ഹജ്ജിൽ അറഫാ മൈതാനത്തിൽ സമ്മേളിച്ചിരിക്കുന്ന ജനസഞ്ചയത്തോട് അവിടെ വെച്ച് അല്ലാഹു തന്നിലേൽപിച്ച സന്ദേശം എത്തിച്ചു കൊടുത്തതിന് തന്റെ രക്ഷിതാവിനെ സാക്ഷി നിർത്തി കൊണ്ട് പറയുകയുണ്ടായി. اللهم اشهد (അല്ലാഹുവെ നീ സാക്ഷിയാണ്)... (ബുഖാരി 1625, മുസ്‌ലിം 2137)

ഇനി ബുദ്ധിപരമായി നോക്കുകയാണെങ്കിൽ ശരിയായ ബുദ്ധി രണ്ടു നിലക്ക് അല്ലാഹു തന്റെ അസ്തിത്വം കൊണ്ട് സൃഷ്ടികളുടെ മേൽ ഔന്നത്യം നേടിയവനാകുന്നുവെന്ന് വിശ്വസിക്കൽ നിർബന്ധമാണെന്നറിയിക്കുന്നു.

ഒന്ന്: العلو (ഉത്കർഷത) എന്നത് ഒരു പരിപൂർണമായ വിശേഷണമാണ്. അല്ലാഹു എല്ലാ വിധത്തിലും പരിപൂർണമായിരിക്കുക എന്നത് നിർബന്ധമാകുന്നു. അപ്പോൾ അനുഗ്രഹീത പൂർണനും ഉന്നതനുമായ അല്ലാഹുവിന് ഔന്നത്യമെന്ന വിശേഷണവും അനിവാര്യമാണ്.

രണ്ട്: العلو (ഉന്നതനാകുക) എന്നതിന്റെ വിപരീതമാണല്ലോ السُّفْلُ (താഴ്ന്നവനാവുക) എന്നത്. താഴ്ന്നവനായിരിക്കുക എന്നത് صفة نقص (ന്യൂനതയുടെ വിശേഷണ)വുമാണ്. അല്ലാഹു വാണെങ്കിൽ അന്യൂനനാകുന്നു. എന്നതുകൊണ്ടു തന്നെ താഴ്ന്നവനാകുക എന്ന ന്യൂനതയുടെ ഗുണത്തിൽ നിന്ന് അവൻ പരിശുദ്ധനും അതിന്റെ വിപരീതമായ ഉന്നതമായവനെന്ന വിശേഷണം അവന് സ്ഥിരപ്പെട്ടതുമാകുന്നു.

ഇനി الفطرة (പ്രകൃതിപരമാണെങ്കിൽ): അറബികളെയും അനറബികളെയുമെന്നല്ല മൃഗങ്ങളെ യടക്കം എല്ലാ സൃഷ്ടികളെയും പടച്ചിട്ടുള്ളത് അല്ലാഹുവിലും അവന്റെ ഔന്നത്യത്തിലും വിശ്വസിക്കേണ്ട നിലയിലാണ്. അതിനാൽ ഏതൊരടിമയും പ്രാർഥന മുഖേനയോ ആരാധനയർപ്പിക്കുന്നത് മുഖേനയോ തന്റെ രക്ഷിതാവിലേക്ക് തിരിയുന്നുവെങ്കിൽ അവൻ ന്യായമായും അല്ലാഹുവിന്റെ ഔന്നത്യം കണ്ടെത്തുകയും ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെ ഉപരിഭാഗത്തേക്ക് അവന്റെ ഹൃദയത്തെ തിരിക്കുകയും ചെയ്യും. പിശാചുക്കളും ദേഹേച്ഛയും വഴിതെറ്റിച്ചവനല്ലാതെ ഈ പ്രകൃതിയുടെ തേട്ടത്തിൽ നിന്ന് തെറ്റിപ്പോവുകയില്ല.

അബുൽ മആലി അൽ ജുവൈനി അദ്ദേഹത്തിന്റെ സദസ്സിൽ ഇപ്രകാരം പറയുമായിരുന്നു:

كان الله ولا شيءَ، وهو الآن على ما كان عليه

''അല്ലാഹു ഉണ്ടായിരുന്നു മറ്റൊന്നും ഉണ്ടായിരുന്നില്ല. അവൻ മുമ്പ് ഏതൊരവസ്ഥയിലാണോ ഉണ്ടായിരുന്നത് ഇപ്പോഴും ആ അവസ്ഥയിൽ തന്നെയാകുന്നു.'' അഥവാ അല്ലാഹു സിംഹാസനാരോഹിതനായിരിക്കുന്നുവെന്നത് നിഷേധിക്കുകയാണ് ഈ വാക്ക് മുഖേന അദ്ദേഹം ചെയ്യുന്നത്. ഉടനെ അബൂജഅഫറുൽ ഹമദാനി പറയുകയുണ്ടായി:

دعنا من ذكر العرش - أي لأنه ثبت بالسمع - وأخبرنا عن هذه الضرورة التي نجدها في قلوبنا، ما قال عارف قطُّ يا الله، إلا وجد من قلبه ضرورةً بطلب العلو، لا يلتفت يَمْنَةً ولا يَسْرَةً. فكيف ندفع هذه الضرورةَ من قلوبنا؟

''അർശിനെക്കുറിച്ച് ഞങ്ങളോട് പറയേണ്ടതില്ല-കാരണം അത് പ്രമാണങ്ങളാൽ സ്ഥിരപ്പെട്ടതാകുന്നു- പ്രകൃത്യാ നമ്മുടെ ഹൃദയങ്ങളിലനുഭവപ്പെടുന്ന ഈ തേട്ടത്തെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതരൂ. അല്ലാഹുവേ, എന്ന് ഏതൊരാളും അറിഞ്ഞുകൊണ്ട് പറയുന്നുവെങ്കിൽ പ്രകൃത്യാ അവന്റെ ഹൃദയത്തിൽ ഉന്നതനായ അല്ലാഹുവിനോടുള്ള തേട്ടമുണ്ടാകുന്നു. അവൻ ഇടത്തോട്ടോ വലത്തോട്ടോ തിരിയുകയില്ല. പ്രകൃതിയിലനുഭവപ്പെടുന്ന ഈ തേട്ടത്തെ നമുക്ക് എങ്ങനെ തട്ടിനീക്കാൻ കഴിയും?''. ഉടനെ അബുൽ മആലി തലയിൽ അടിച്ചുകൊണ്ട് നിലവിളിച്ച് ഇപ്രകാരം പറഞ്ഞു:

حيرني الهمْداني، حيرني الهمْداني

''ഹമദാനിയെന്നെ ആശയക്കുഴപ്പത്തിലാക്കിയിരിക്കുന്നു. ഹമാദാനിയെന്നെ ആശയക്കുഴപ്പത്തിലാക്കിയിരിക്കുന്നു.'

മേൽ പറഞ്ഞ ഈ അഞ്ചു തെളിവുകൾ എല്ലാംതന്നെ അല്ലാഹു മുകളിലാണെന്ന് സ്ഥിരീകരിക്കുന്നവയാണ്.

എന്നാൽ അല്ലാഹുവിന്റെ വചനങ്ങളായ:

وَهُوَ ٱللَّهُ فِى ٱلسَّمَـٰوَٰتِ وَفِى ٱلْأَرْضِ ۖ يَعْلَمُ سِرَّكُمْ وَجَهْرَكُمْ

അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും സാക്ഷാൽ ആരാധ്യൻ. നിങ്ങുടെ രഹസ്യവും പരസ്യവും അവൻ അറിയുന്നു. (അൽഅൻആം:3)

وَهُوَ ٱلَّذِى فِى ٱلسَّمَآءِ إِلَـٰهٌ وَفِى ٱلْأَرْضِ إِلَـٰهٌ

അവനാകുന്നു ആകാശത്ത് ആരാധ്യനായുള്ളവനും ഭൂമിയിൽ ആരാധ്യനായുള്ളവനും (അസ്സുഖ്റൂഫ്: 84)

എന്നിവയുടെയെല്ലാം സാരം, അല്ലാഹു ആകാശത്തിലുള്ളതുപോലെ ഭൂമിയിലുമുണ്ട് എന്നർത്ഥത്തിലല്ല. ആരെങ്കിലുമങ്ങനെ സങ്കൽപിക്കുകയോ പൂർവികരിൽ നിന്ന് ഉദ്ധരിക്കുകയോ ചെയ്യുന്നുവെങ്കിൽ അവന് അബദ്ധം പിണയുകയും ഉദ്ധരിച്ചവൻ കളവുപറയുന്നവനുമാകുന്നു.

യഥാർത്ഥത്തിൽ ഒന്നാമത്തെ ആയത്തിന്റെ സാരം: ആകാശത്തും ഭൂമിയിലും ആരാധ്യനായുള്ളവൻ അല്ലാഹുവാകുന്നുവെന്നതാണ്. അവ രണ്ടിലുമുള്ള എല്ലാ സൃഷ്ടികളും അവനെയാണ് ആരാധിക്കുന്നത്. മറ്റൊരഭിപ്രായത്തിൽ മേൽ ആയത്തിന്റെ അർത്ഥം അല്ലാഹു ആകാശത്തിലാകുന്നു. ശേഷം അല്ലാഹു പറഞ്ഞു:

وَفِى ٱلْأَرْضِ ۖ يَعْلَمُ سِرَّكُمْ وَجَهْرَكُمْ

ഭൂമിയിൽ നിങ്ങളുടെ രഹസ്യവും പരസ്യവും അവൻ അറിയുന്നു. (അൽഅൻആം: 3) എന്നതാണ്. അഥവാ അല്ലാഹു ആകാശങ്ങളിലാണുള്ളത് എന്നത് അവൻ നിങ്ങളുടെ രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്നതിന് തടസ്സമാകുന്നില്ല.

രണ്ടാമത്തെ ആയത്തിന്റെ വിവക്ഷ: അല്ലാഹു ആകാശത്ത് ആരാധ്യനായുള്ളവനാകുന്നു. ഭൂമിയിലും ആരാധ്യനായുള്ളവനാകുന്നു. അഥവാ അല്ലാഹു ആകാശത്താണുള്ളതെങ്കിലും ആകാശത്തിലും ഭൂമിയിലും അവൻ ആരാധ്യനാകുന്നുവെന്നർത്ഥം. ഉദാഹരണമായി ഒരാൾ മക്കയിലെ ഭരണാധികാരിയാകുന്നു, മദീനയിലും ഭരണാധികാരിയാകുന്നു എന്ന് പറയുന്നത് പോലെ ഇവിടെ ഭരണാധികാരി ഇതിലേതെങ്കിലുമൊരു സ്ഥലത്തണെങ്കിലും അയാളുടെ ഭരണം അവരിലുണ്ടാകുന്നു. ഇത് ഭാഷാപരമായും ശരിയായ പ്രയോഗമാണ്. والله أعلم